(ഇ) ഇപ്പോൾ രൂപീകരിച്ചിരിക്കുന്ന ഉപദേശക സമിതിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെ എന്ന് നിശ്ചയിക്കുമോ ; എങ്കിൽ എന്ത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) ഉണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ, വൈസ്ചെയർമാനും ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി സെക്രട്ടറി, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ, വി.എസ്.എസ്.സി ഡയറക്ടർ ശ്രീ. ജി. മാധവൻ നായർ, എ.ഐ.സി.ടി.ഇ.-യിലെ പ്രൊഫ. മീനാക്ഷി ഗൗതം, മദ്രാസ് ഐ. ഐ. റ്റിയുടെ ഡയറക്ടർ ആർ. നടരാജൻ, തിരുവനന്തപുരം ടെക്നോപാർക്ക് ഇന്റർ നാഷ്ണൽ ബിസിനസ്സ് സർവ്വീസിന്റെ ചെയർമാൻ ശ്രീ. വി. കെ. മാത്യൂസ് എന്നിവർ അംഗങ്ങളായും ടെക്നിക്കൽ എഡ്യൂക്കേഷൻ ജോയിന്റ് ഡയറക്ടർ ശ്രീ. എം. മാധവൻ സെക്രട്ടറിയായും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ഹയർ എഡ്യൂക്കേഷൻ എന്ന സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കേരള, കാലിക്കറ്റ്, കൊച്ചി, ശാസ്ത്രസാങ്കേതിക സർവ്വകലാശാലകളുടെ പ്രവർത്തനത്തെപ്പറ്റി പഠിക്കുവാൻ ഡോ. മാൽക്കം ആദിശേഷയ്യ അദ്ധ്യക്ഷനായ കമ്മിഷനേയും ഡോ. എം. വി. പൈലി അദ്ധ്യക്ഷനായുള്ള കമ്മീഷനേയും നിയമിച്ചിരുന്നു.

(ഇ) ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടില്ല.

(എഫ്) സമിതിയുടെ കാലാവധി ഒരു വർഷത്തേയ്ക്കാണ് നിശ്ചയിച്ചിട്ടുള്ളത്. റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടില്ല. കാലാകാലങ്ങളിൽ വേണ്ട നിർദ്ദേശം സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

9-ാം പഞ്ചവത്സര പദ്ധതികാലത്ത് കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങൾ

12 (*690) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി 9-ാം പഞ്ചവത്സര പദ്ധതികാലത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 9-ാം പഞ്ചവത്സര പദ്ധതികാലത്ത് എത്ര ലക്ഷം വീടുകൾ നിർമ്മിക്കേണ്ടിവരുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ കാലയളവിൽ സംസ്ഥാനത്തെ ദുർബല വിഭാഗക്കാരുടെ വീടുകൾ നന്നാക്കിയെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഡി) 9-ാം പദ്ധതിയിൽ സംസ്ഥാന വിഹിതം ദുർബല ജനവിഭാഗങ്ങൾക്കായി എപ്രകാരം വിനിയോഗിക്കുമെന്ന് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) 9-ാം പദ്ധതികാലത്ത് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട എന്തൊക്കെ ചുമതലകളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) 2002-ാം ആണ്ടോടുകൂടി കേരളത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഓരോ വർഷവും ഒരു ലക്ഷം വീടുകൾ വീതം അഞ്ചുലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് 9-ാം പഞ്ചവത്സര പദ്ധതികാലത്ത് ലക്ഷ്യമിട്ടിരുന്നത്.

(സി) ദുർബല വിഭാഗങ്ങൾക്ക് വീട് നന്നാക്കുന്നതിനുള്ള പദ്ധതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്നുണ്ട്.

(ഡി) ദുർബല വിഭാഗങ്ങൾക്ക് സബ്സിഡി ഉൾപ്പെടുന്ന ധനസഹായം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ സമീപനം.

(ഇ) വീടുകളുടെ അറ്റകുറ്റപ്പണികൾ, വീടുകളുടെ പുനരുദ്ധാരണം, ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ, ഭൂരഹിതർക്ക് വാസ സ്ഥലം നൽകൽ, സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക, ചേരി നിർമ്മാർജനം എന്നീ ചുമതലകളാണ് കൈമാറിയിട്ടുള്ളത്.

സാംസ്കാരിക നയം പ്രചരിപ്പിക്കാൻ നടപടി

13 (*691) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാംസ്ക്കാരികനയം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly